(എ) വ്യാജ ടി. സി. എച്ച്. സർട്ടിഫിക്കറിന്റെ പേരിൽ സസ്പെൻറു ചെയ്യപ്പെട്ട അദ്ധ്യാപകരുടെ പേരിലുള്ള നടപടി പൂർത്തിയായോ;

(ബി) പ്രസ്തുത അദ്ധ്യാപകർ പ്രവർത്തിച്ചിരുന്ന സ്കൂളുകളിൽ അദ്ധ്യാപക തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ സ്കൂൾ നടത്തിപ്പിൽ വിഷമം നേരിടുന്നുണ്ടെന്നു വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): (എ) വ്യാജ ടി.സി.എച്ച്, സർട്ടിഫിക്കറു ഹാജരാക്കി ഉദ്യോഗത്തിൽ പ്രവേശിച്ചതിന്റെ പേരിൽ സസ്പെൻറു ചെയ്യപ്പെട്ട 391 അദ്ധ്യാപകരിൽ 120 പേരുടെ നിയമനം ഇതിനകം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചു. മറ്റുള്ളവരുടെ പേരിലുള്ള ശിക്ഷണ നടപടിയിൻമേൽ ഉടൻ തന്നെ ഉത്തരവു പുറപ്പെടുവിക്കുന്നതാണ്.

(ബി) ഇല്ല. നിയമനം റദ്ദു ചെയ്ത് ഉത്തരവ് നൽകിയ കേസുകളിൽ പുനർ നിയമനം നടത്തുന്നതിന് തടസ്സമില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പൊതുമരാമത്ത് വകുപ്പിൽനിന്ന് ഹരിജൻ ക്ഷേമത്തിന് വേണ്ടി നീക്കിവച്ച തുക

358 [682] ശ്രീ. സി.കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ചെലവിന്റെ 10 ശതമാനം എന്ന നിരക്കിൽ പൊതുമരാമത്തു വകുപ്പിൽനിന്ന് എന്ത് തുക ഹരിജനക്ഷേമത്തിന് വേണ്ടി നീക്കിവച്ചിട്ടുണ്ട്;

(ബി) ഇതിനകം എത്ര തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഹരിജനക്ഷേമത്തിന് വേണ്ടിയുള്ള ഏതെങ്കിലും നിർമ്മാണ ജോലി പൊതുമരാമത്ത് വകുപ്പ് ഏറെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 10 ശതമാനം നിരക്കിൽ 342 ലക്ഷം രൂപയാണ് ഹരിജനങ്ങൾക്ക് ഉപകരിക്കുന്ന റോഡുപണികൾക്കായി നീക്കി വയ്ക്കേണ്ടത്. എന്നാൽ യഥാർത്ഥത്തിൽ 450 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) 1985 ജൂൺ മാസം വരെ 102.78 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ഹരിജനവാസ കേന്ദ്രത്തിലേയ്ക്ക് ഉള്ള റോഡുകൾ ഹരിജന പെൺകുട്ടികളുടെ ഹോസ്റ്റൽ, കോസ്മോ പോളിറ്റൻ ഹോസ്റ്റലുകളും, വെൽഫെയർ ഹോസ്റ്റലുകളും ഹരിജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തിങ്ങിപ്പാർക്കുന്നിടത്ത് കൂടുതൽ ജീവിത സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നീ നിർമ്മാണ ജോലികളാണ് പൊതുമരാമത്ത് വകുപ്പ് ഹരിജന ക്ഷേമത്തിനുവേണ്ടി ഏറ്റെടുത്ത് നടത്തി വരുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

359 [683] ശ്രീ. സി.എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983 ഒക്ടോബറിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച പബ്ലിക് വർക്ക് ഡിപ്പാർട്ടുമെന്റ് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ പബ്ലിക്വർക്ക് ഡിപ്പാർട്ടുമെന്റിൽ നിയമിച്ചു;

(ബി) ഇപ്പോൾ പബ്ലിക്വർക്സ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ഈ ഒഴിവുകൾ ഉടനെ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരുനൂറ്റിമുപ്പത്തിയേഴ് (237) പേരെ ഇതുവരെ നിയമിച്ചു.

(ബി) ഇപ്പോൾ പബ്ലിക്വർക്സ് ഡിപ്പാർട്ടുമെന്റിൽ നേരിട്ടുള്ള നിയമനംവഴി നികത്താൻ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

360 [686] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളായ പെരുമ്പിലാവ്—കടങ്ങോട്—പാറപ്പുറം (വഴി) പരപ്പ് റോഡിന്റേയും പഴഞ്ഞി പാവുട്ടപുറം (വഴി) പെരുന്തുരുത്തി റോഡിന്റേയും പണിയുടെ പുരോഗതി ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ. റോഡുകളായ പെരുമ്പിലാവ്—കടങ്ങോട് (വഴി) പരപ്പ് പഴഞ്ഞി പാവുട്ടപുറം (വഴി) പെരുന്തുരുത്തിയും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പെരുമ്പിലാവ് കടങ്ങോട് റോഡ് പണിക്ക് കരാറുകാരനുമായി എഗ്രിമെന്റ് വച്ചുകഴിഞ്ഞു. പഴഞ്ഞി പാവുട്ടപുറം റോഡ് പണിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറായി വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly